2009, ഖുത്വ്ബ നമ്പര്‍- 28

بسم الله الرحمن الرحيم

10.07.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# رَفَعَ എന്നതിന്റെ പ്രയോഗം ഖുര്‍ആനില്‍

കഴിഞ്ഞ ഖുത്വ്ബയില്‍ ഈസാനബി(അ) യുമായി ബന്ധപ്പെട്ടുകൊണ്ട് رَفَعَ എന്ന വാക്കിനെകുറിച്ച് ഞാന്‍ പരാമര്‍ശിച്ചിരിക്കുന്നു. വിശുദ്ധഖുര്‍ആനില്‍ വന്നിട്ടുള്ള بَلْ رَّفَعَهُ اللّهُ إِلَيْه , رَافِعُكَ إِلَيَّ എന്നീ ആയത്തുകള്‍ക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്‍കിയ വ്യാഖ്യാനവും കേള്‍പ്പിച്ചിരുന്നു. ഈ വിഷയം തന്നെയാണ് ഞാന്‍ ഇന്ന് തുടരുന്നത്. ഹദ്റത്ത് ഈസാ(അ)നെ കൂടാതെ മറ്റേതെങ്കിലും പ്രവാചകനുവേണ്ടി വിശുദ്ധഖുര്‍ആനില്‍ ഇങ്ങിനെയുള്ള പദം, അതുമല്ലെങ്കില്‍ ഇതുമായി സാദൃശ്യമുള്ള പദം ഉപയോഗിച്ചിട്ടുണ്ടോ എന്ന് നമുക്ക് നോക്കാം. അങ്ങനെയുള്ള പരാമര്‍ശത്തില്‍ നിന്നും ആ പ്രവാചകനും സ്തൂലദേഹത്തോടെ ആകാശത്ത് ഉയര്‍ ത്തപ്പെട്ടിട്ടുണ്ടെന്ന് അനുമാനിക്കാന്‍ സാധ്യമാണോ? ഇങ്ങിനെ ചിന്തിക്കുമ്പോള്‍ വിശുദ്ധഖുര്‍ആനിലെ സൂറത്തുല്‍ മറിയമില്‍ ഹദ്റത്ത് ഇദ്‌രീസ്(അ)നെ കുറിച്ച് ഒരു ആയത്ത് നമുക്ക് ഇപ്രകാരം കാണാന്‍ സാധിക്കുന്നതാണ്. അല്ലാഹു പറയുന്നു,

وَاذْكُرْ فِي الْكِتَابِ إِدْرِيسَ إِنَّهُ كَانَ صِدِّيقًا نَّبِيًّا وَرَفَعْنَاهُ مَكَانًا عَلِيًّا

(19:57-58)

നീ ഈ ഗ്രന്ഥം മുഖേന ഇദ്‌രീസിന്റെ കാര്യം കൂടി വിവരിക്കുക. അദ്ദേഹം മഹാ സത്യവാനും പ്രവാചകനുമായിരുന്നു.

നാം അദ്ദേഹത്തെ ഉന്നതസ്ഥാനത്ത് ഉയര്‍ത്തുകയും (റഫഅ ചെയ്യുകയും) ചെയ്തു. (19:57-58)

ഈ വചനങ്ങളില്‍ ഹദ്റത്ത് ഇദ്‌രീസ്(അ) ന്ന് ഹദ്റത്ത് ഈസാ(അ) നേക്കാളും ഉന്നതമായ സ്ഥാനമാണ് നല്‍കിയിരിക്കുന്നത്. ഹദ്റത്ത് ഈസാ(അ)നെ കുറിച്ച് بَلْ رَّفَعَهُ اللّٰهُ اِلَيْهِ എന്നാണ് എഴുതിയത്. അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഉയര്‍ത്തി. എന്നാല്‍ ഹദ്റത്ത് ഇദ്‌രീസ് (അ) നെകുറിച്ച് എഴുതിയത് رَفَعْنٰهُ مَكَانًا عَلِيًّا നാം അദ്ദേഹത്തെ ഉന്നതസ്ഥാനത്തേക്ക് ഉയര്‍ത്തി. വിശുദ്ധഖുര്‍ആന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തില്‍ മുസ്‌ലിംകള്‍ ഇക്കാര്യത്തില്‍ ചിന്തിക്കേണ്ടതായിരുന്നു. മാത്രമല്ല ഇക്കാലത്ത് അല്ലാഹുവിന്റെ ഒരു വരിഷ്ഠദാസന്‍ അല്ലാഹുവില്‍നിന്നും ലഭിച്ച അറിവിന്റെ അടിസ്ഥാനത്തില്‍ ആകാശത്ത് പോകുക എന്നതിന്റെ വിവക്ഷ നമുക്ക് വ്യക്തമാക്കിതന്നിരിക്കുകയാണ്. അദ്ദേഹം പറയുന്നു; എല്ലാ പ്രവാചകന്‍മാരുടെയും റഫഅ് (ഉയര്‍ത്തല്‍) ആത്മീയമായ ഉയര്‍ത്തലാണ്. ഹദ്റത്ത് ഈസാ(അ) ന്റെ ഉയര്‍ത്തലും ആത്മീയമായ ഉയര്‍ത്തലായിരുന്നു.

വിശുദ്ധഖുര്‍ആനില്‍ ഹദ്റത്ത് ഈസാ(അ)നെ കുറിച്ച് رَفَعَ എന്ന വാക്ക് രണ്ട് സ്ഥലത്ത് പ്രയോഗിച്ചത് ഏത് പശ്ചാത്തലത്തിലാണ് എന്ന് നാം മനസ്സിലാക്കണം. യഹൂദികള്‍ ആക്ഷേപിച്ചിരിക്കുന്നത് കുരിശില്‍ കൊല്ലപ്പെട്ടവര്‍ ശാപഗ്രസ്ഥരായതുകൊണ്ട് ഞങ്ങള്‍ യേശുവിനെ കുരിശില്‍ തറച്ചു കൊന്നിരിക്കുന്നു ( نَعُوْذُبِاللّٰه ) എന്നാണ്. ഈ ഒരാക്ഷേപത്തില്‍നിന്നും അദ്ദേഹത്തെ മുക്തനാക്കുന്നതിന് വേണ്ടിയാണ് ഈ വാക്കുകള്‍ വിശുദ്ധഖുര്‍ആന്‍ ഉപയോഗിച്ചിരിക്കുന്നത്. ഹസ്റത്ത് ഈസാനബി(അ)ന് അല്ലാഹു സ്വാഭാവികമരണം നല്‍കുകയും അദ്ദേഹത്തെ ആത്മീയമായി ഉയര്‍ത്തുകയും ചെയ്തു എന്ന് ഖുര്‍ആന്‍ പറയുന്നു. യഹൂദികളുടെ ഈ ആക്ഷേപത്തിന് ക്രിസ്ത്യാനികളുടെ കൈവശം മറുപടി ഒന്നും ഉണ്ടായിരുന്നില്ല. അവര്‍ പിന്നീട് തൃത്വം പ്രചരിപ്പിക്കുകയാണുണ്ടായത്. കുരിശുമരണത്തെ അവര്‍ അംഗീകരിക്കുകയും അതിനെ പാപപരിഹാരസിദ്ധാന്തമായി പ്രചരിപ്പിക്കുകയും ചെയ്തു. കുരിശുമരണത്തിന് ശേഷം യേശു ഉയര്‍ത്തെഴുന്നേല്‍ക്കുകയും സ്തൂലദേഹത്തോടെ ആകാശത്ത് കരേറിപ്പോകുകയും ദൈവത്തിന്റെ അടുത്ത് ആകാശത്ത് ഇരുന്ന്കൊണ്ട് ദൈവീകപ്രവര്‍ത്തനങ്ങള്‍ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണെന്നും അവര്‍ വിശ്വസിക്കുന്നു. അവസാനകാലത്ത് നീതി വിധിക്കാന്‍ ഭൂമിയില്‍ വരും എന്നും അവര്‍ വിശ്വസിക്കുന്നു. ത്രീത്വത്തില്‍ വിശ്വസിക്കാത്തവര്‍ ആ കാലം പിടിക്കപ്പെടുന്നതാണ്. ഇന്നുള്ള ക്രിസ്തീയ സമൂഹത്തിന്റെ വിശ്വാസമാണിത്.

ഇതേപോലെ ഈസാനബി സ്തൂലദേഹത്തോടുകൂടി ആകാശത്ത് ഉയര്‍ത്തപ്പെട്ടുഎന്നും അവസാനകാലത്ത് ഇറങ്ങി രക്തദാഹിയായ മഹ്ദിയോടൊപ്പം ചേര്‍ന്ന് ലോകരെ മുസ്‌ലീംകളാക്കിമാറ്റുമെന്നും, മുസ്‌ലിംകളാകാത്തവരെ വധിച്ചുകളയുമെന്നും മുസ്‌ലിംകളില്‍ ഒരു വിഭാഗം വിശ്വസിക്കുന്നു. കഴിഞ്ഞ ഖുത്വ്ബയില്‍ ഇറാന്‍ പ്രസിഡന്റിന്റെ കാഴ്ചപ്പാട് ഈസാനബി മരിച്ചുപോയതാണെന്ന് ഞാന്‍ പറഞ്ഞിരുന്നു. ഉറുദു പത്രത്തില്‍ വന്ന ഒരു വാര്‍ത്തയുടെ അടിസ്ഥാനത്തിലാണ് ഞാനിത് പറഞ്ഞിരുന്നത്. അതില്‍ നിന്നും തെറ്റായ ഒരു നിഗമനത്തിലെത്തിച്ചേര്‍ന്നതാണ്. അതിന്റെ യഥാര്‍ത്ഥ റിപ്പോര്‍ട്ട് ഇംഗ്ലീഷ് പത്രത്തില്‍ നല്‍കിയിരിക്കുന്ന റിപ്പോര്‍ട്ടില്‍ അദ്ദേഹം പറഞ്ഞത്; ഇന്നുള്ള ക്രിസ്തീയ വിശ്വാസമല്ല യേശു പറഞ്ഞതെന്നാണ്. തുടര്‍ന്ന് അദ്ദേഹം ഇന്ന് ഭൂരിപക്ഷമുസ്‌ലിംകളുടെ മുകളില്‍ പറഞ്ഞ വിശ്വാസം ആവര്‍ത്തിക്കുന്നുണ്ട്.

മഹ്ദിയും മസീഹും വന്ന് ഇവിടെ നടത്തും എന്ന് പറയുന്ന രക്തരൂക്ഷിതവിപ്ലവത്തില്‍നിന്നും അഹ്മദികളായ നാം രക്ഷപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ചില വചനങ്ങള്‍ കേള്‍പ്പിക്കുന്നതിനുമുമ്പേ ഹദ്റത്ത് ഇദ്‌രീസ് (അ) നെകുറിച്ച് ബൈബിളില്‍ പറഞ്ഞ കാര്യം പറയാന്‍ ആഗ്രഹിക്കുന്നു.

ബൈബിളില്‍ ഉല്‍പ്പത്തി 5:24ല്‍ പറയുന്നു.

'ഹെനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാല്‍ പിന്നെ അവനെ കണ്ടില്ല.' ഉറുദു ബൈബിളില്‍ ഉന്‍കൊ ഉഢാദിയ എന്നും ഇംഗ്ലീഷില്‍ ഫോര്‍ ഗോഡ് ടുക്ക് ഹിം ( For God Took Him) എന്നും കാണും.

ബൈബിള്‍ ലൂക്കാ 24:51 ല്‍ യേശുവിനെ ആകാശത്തേക്ക് ഉയര്‍ത്തി എന്നുണ്ടെങ്കില്‍ ഇദ്‌രീസ്(അ) നെകുറിച്ച് (ഹുനൂക്) മുകളിലേക്ക് എടുത്തു എന്നും പറയുന്നുണ്ടല്ലോ! മുകളിലേക്ക് ഉയര്‍ത്തല്‍ ദൈവമാണെന്നതിന് തെളിവാണെങ്കില്‍ ഹദ്റത്ത് ഇദ്‌രീസ് (അ) നെയും ദൈവമാക്കേണ്ടതാണ്. ഹദ്റത്ത് ഇദ്‌രീസ് (അ) ന് ഈ സ്ഥാനം കരസ്ഥമാക്കാന്‍ സാധിച്ചിട്ടില്ലെങ്കില്‍ ഈസാ(അ)ന്റെ ദിവ്യത്വവും ഒരിക്കലും തെളിയുന്നതല്ല.

ഞാൻ നേരത്തേ പാരായണം ചെയ്ത വിശുദ്ധഖുർആന്റെ ആയത്തിൽ ഹദ്റത്ത് ഈസാ(അ)നേക്കാളും വ്യക്തമായരീതിയിൽ ഹദ്റത്ത് ഇദ്‌രീസ്(അ)ന്റെ ഉയർത്തലിനെകുറിച്ചാണ് പറയുന്നത്. ചുരുക്കത്തിൽ ബൈബിളിലും ഖുർആനിലും ഹദ്റത്ത് ഈസാ(അ)നെ കൂടാതെ മറ്റുപ്രവാചകരെയും ഉയർത്തി എന്ന് വിവരിക്കുന്നുണ്ട്. ഇത് തെളിയിക്കുന്നത് ഹദ്റത്ത് ഈസാ(അ) ഇവരിൽനിന്നെല്ലാം വ്യത്യസ്തനായ വ്യക്തിയായിരുന്നില്ല എന്നാണ്.

ക്രിസ്ത്യാനികൾ അംഗീകരിക്കുകയില്ലെങ്കിലും മുസ്‌ലിംകളെങ്കിലും ഈ ആയത്തിൽനിന്നും ഫലമെടുക്കേണ്ടതായിരുന്നു. വിശുദ്ധഖുർആനിൽ ഒരിക്കലും മാറ്റമുണ്ടാകില്ല എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇതിനെ അല്ലാഹു സ്വയം സംരക്ഷിക്കുന്നതാണ്. ഇക്കാലത്ത് ഇവയെല്ലാം വിവരിച്ചുതരാൻ അല്ലാഹു ഒരു മഹാത്മാവിനെ നിയമിച്ചയച്ചതുകൊണ്ട് ആയത്തുകൾക്ക് തെറ്റായ നിഗമനത്തിലെത്താനും അവസരമില്ലാതെയായി.

യഹൂദികളുടെ സാഹിത്യങ്ങളിൽ ഇദ്‌രീസ്(അ) - അവർ ഹെനോക് എന്നാണ് പറയുക - നെകുറിച്ച് വളരെ വിശദമായ പരാമർശങ്ങൾ കാണാവുന്നതാണ്. അദ്ദേഹത്തെ ലോകോദ്ധാരണത്തിനായി അല്ലാഹു അയച്ചെങ്കിലും ലോകത്ത് തിന്മ അധികരിച്ചപ്പോൾ അദ്ദേഹത്തെ ആകാശത്തേക്ക് ഉയർത്തുകയുണ്ടായി.

അദ്ദേഹത്തെ കുറിച്ച് നാം വിശ്വസിക്കുന്നത് അദ്ദേഹം പ്രവാചകനും ഉന്നതസ്ഥാനം നൽകപ്പെട്ടവനുമാണെന്നാണ്. ഈ ലോകത്തേക്ക് അയക്കുന്ന പ്രവാചകന്മാർക്കെല്ലാം അല്ലാഹു ഈ ലോകത്തും ഉന്നത പദവികൾ നൽകി അനുഗ്രഹിക്കുന്നു. അത് അവരുടെ ആത്മീയനില കൂടി പ്രകടമാക്കുന്നതാണ്. പരലോകത്തും പ്രവാചകന്മാർക്ക് അത്യുന്നതസ്ഥാനം നൽകപ്പെടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു;

'അല്ലാഹു പറയുന്നു; ﴿٥٨﴾ وَّرَفَعْنٰهُ مَكَانًا عَلِيًّا :' (19:58) നാം ഈ പ്രവാചകനെ അത്യുന്നതസ്ഥാനത്തേക്ക് ഉയർത്തി. ഈ ആയത്തിന്റെ വിവക്ഷ ഇപ്രകാരമാണ്, മരണശേഷം അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നവർക്ക് വിവിധപദവികളാണുള്ളത്. ഇവിടെ അല്ലാഹു പറയുന്നത്, ഈ പ്രവാചകന് മരണം നൽകിയതിനുശേഷം നാം ഉന്നതപദവി നൽകി എന്നാണ്.

നവാബ് സിദ്ദീഖ് ഹസൻ ഖാൻ തന്റെ തഫ്‌സീർ ഫതഹുൽ ബയാനിൽ എഴുതുന്നു, ഇവിടെ رَفع എന്നതിന്റെ അർത്ഥം ആത്മീയമായ ഉയർത്തലാണ്. അത് മരണത്തിനുശേഷം ലഭിക്കുന്നതാണ്. അതല്ലെങ്കിൽ ആ പ്രവാചകൻ മരിക്കാനായി ഭൂമിയിലേക്ക് വരേണ്ടിവരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു;

'കഷ്ടം! اِنِّيْ مُتَوَفِّيْكَ وَرَافِعُكَ എന്ന ആയത്തിന്റെ അർത്ഥം അവർ മറന്നുപോകുന്നു. ഈ ആയത്തിൽ ആദ്യം مُتَوَفِّيْكَ എന്നാണുള്ളത്. അതിനുശേഷമാണ് رَافِعُكَ എന്നത്. رَافِعُكَ എന്നു പറഞ്ഞാൽ തന്നെയും മരണം എന്ന് അർത്ഥം നൽകാമെന്നിരിക്കേ مُتَوَفِّيْكَ എന്നതിന് പിന്നെ എന്തുകൊണ്ട് മരണം എന്ന് അർത്ഥം നൽകുന്നില്ല.'

മറ്റൊരുസ്ഥലത്ത് അരുളുന്നു;

'മസീഹ് സ്തൂല ദേഹത്തോടെ ആകാശത്ത് പോയിട്ടില്ല എന്നതാണ് ഖണ്ഡിതമായ വസ്തുത. മരണശേഷമാണ് അദ്ദേഹം ആകാശത്തേക്ക് പോയത്. നമുക്ക് നമ്മുടെ എതിരാളികളോട് ചോദിക്കാനുള്ളത് ഹദ്റത്ത് യഹ്‌യാ, ഹദ്റത്ത് ആദം, ഹദ്റത്ത് ഇദ്‌രീസ്, ഹദ്റത്ത് ഇബ്‌റാഹീം, ഹദ്റത്ത് യൂസഫ് തുടങ്ങിയവർ ആകാശത്തേക്ക് ഉയർത്തപ്പെട്ടതായിരുന്നോ?ഉയർത്തപ്പെട്ടിട്ടില്ലെങ്കിൽ മിഅ്റാജിന്റെ രാത്രിയിൽ തിരുനബി(സ) അവരെ എല്ലാവരെയും ആകാശങ്ങളിൽ കണ്ടത് എങ്ങിനെ? അവരെല്ലാം ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിൽ ഇബ്നു മറിയമിനെകുറിച്ച് മാത്രം തെറ്റായ അർത്ഥം നൽകുന്നതെന്തിന്? മരണത്തെ സൂചിപ്പിക്കുന്ന യതവഫ്ഫ, എന്ന വാക്ക് അദ്ദേഹത്തിനുവേണ്ടി പല സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടും, ഉയർത്തുക എന്നതിന്റെ യഥാർത്ഥ പൊരുൾ എന്താണെന്ന് വ്യക്തമായിട്ടും അത്ഭുതം തോന്നുന്നു. കാരണം അദ്ദേഹം തനിക്ക് മുമ്പ് മരിക്കുകയും ഉയർത്തപ്പെടുകയും ചെയ്തവരോടൊപ്പമാണ് ഉണ്ടായിരുന്നത്. അവർ ഉയർത്തപ്പെട്ടില്ല എന്നാണ് പറയുന്നതെങ്കിൽ എനിക്ക് ചോദിക്കാനുള്ളത് അവർ പിന്നെങ്ങിനെ അവിടെ എത്തിപ്പെട്ടു? ഉയർത്തപ്പെട്ടതുകൊണ്ടല്ലേ ആകാശത്ത് എത്തിയത്? വിശുദ്ധ ഖുർആനിൽ ﴿٥٨﴾ وَّرَفَعْنٰهُ مَكَانًا عَلِيًّا എന്ന ആയത്ത് നിങ്ങൾ വായിക്കാറില്ലെ? ഇവിടെ പറയുന്ന റഫഅ് മസീഹിനുവേണ്ടി വന്ന റഫഅ് തന്നെയല്ലെ? *ഫ അന്നാ തുസ്റഫൂൻ*'

ഇത് ബുദ്ധിപരമായ തെളിവുകൾ മാത്രമല്ല. വിശുദ്ധ ഖുർആന്റെ യഥാർത്ഥജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് തെളിയിച്ചിരിക്കുന്നത്.

ഒരാൾ തന്നെകുറിച്ച് വലിയ പണ്ഡിതനാണെന്ന് സ്വയം വിശേഷിപ്പിക്കാറുണ്ട്. മുമ്പും ഞാൻ ഇതേകുറിച്ച് പരാമർശിച്ചിട്ടുള്ളതാണ്. അദ്ദേഹം ജഡികമായ ഉയർത്തലല്ല നടന്നത് എന്നും ആത്മീയ ഉയർത്തലാണ് സംഭവിച്ചത് എന്നും അംഗീകരിക്കാൻ കൂട്ടാക്കാത്ത വ്യക്തിയാണ്. നമ്മുടെ ഒരു യുവാവ് അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്യാൻ പോയപ്പോൾ പലകാര്യങ്ങളും പറഞ്ഞകൂട്ടത്തിൽ പറഞ്ഞത് 'ഞാൻ നിങ്ങളുടെ പണ്ഡിതന്മാരേക്കാളും പാണ്ഡിത്യമുള്ളവനാണെന്നാണ്. മിർസാ സാഹിബിന്റെ പുസ്തകങ്ങൾ ഞാൻ കുറേ വായിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം മിർസാ സാഹിബിന്റെ തെളിവുകൾ എന്നെ തൃപ്തിപെടുത്തിയിട്ടില്ല' എന്നാണ്.

ഹിദായത്ത് നൽകേണ്ടത് അല്ലാഹുവാണ്. അബൂജഹലിനും മക്കയിലെ നേതാക്കൾക്കും തിരുനബി(സ)യിൽ പ്രകാശം ദർശിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ, അവർ വിശുദ്ധഖുർആനെ കവിയുടെ വാക്കെന്ന് പറഞ്ഞ് അവഗണിച്ചിട്ടുണ്ടെങ്കിൽ അതവരുടെ നിർഭാഗ്യം എന്നല്ലാതെ എന്തുപറയാൻ!

തിരുനബി(സ)യുടെ വ്യക്തിത്വത്തിനോ വിശുദ്ധഖുർആന്റെ മഹത്വത്തിനോ ഇത് ഒരു ന്യൂനവും വരുത്തുന്നതല്ല. സദ്പ്രകൃതക്കാർ ആ മഹാത്മാവിനെ സ്വീകരിക്കുകയുണ്ടായി. ഇതേപോലെ ആ മഹാത്മാവിന്റെ ശിഷ്യനോടും ഇതേരീതിയിലുള്ള സമീപനമാണ് എതിരാളികൾ അനുവർത്തിക്കുന്നതെങ്കിൽ അതുകൊണ്ട് അത്ഭുതപ്പെടാനൊന്നുമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു;

'വിശുദ്ധഖുർആനിൽ رَفَعَ എന്ന് ഉപയോഗിച്ച സ്ഥലത്തെല്ലാം ആത്മീയ ഉയർത്തലാണ് ഉദ്ദേശിക്കുന്നത്. ചില അൽപ്പജ്ഞാനികൾ വിശുദ്ധഖുർആനിൽ رَفَعْنٰهُ مَكَانًا عَلِيًّا എന്ന് വന്നിട്ടില്ലെ എന്ന് ചോദിക്കാറുണ്ട്. എന്നിട്ട് സ്വന്തം മെനഞ്ഞുണ്ടാക്കിയ കഥയും ഇതോടൊപ്പം പറയും. ഇദ്‌രീസ് എന്ന ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹത്തെ അല്ലാഹു സ്തൂല ദേഹത്തോടുകൂടി ആകാശത്തേക്ക് ഉയർത്തുകയുണ്ടായി എന്നവർ പറയുന്നു. (ഇങ്ങനെ ഒരു വിശ്വാസം യഹൂദികളുടേതാണെന്ന് ഞാൻ പറഞ്ഞിരുന്നു. മുസ്‌ലീംകളിൽ

ആരെങ്കിലും ഇങ്ങിനെ വിശ്വസിക്കുന്നുണ്ടെങ്കിൽ അവർ ആരെയാണ് പിൻപറ്റുന്നത് എന്ന് ചിന്തിക്കുക) ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു, 'എന്നാൽ ഈ സംഭവവും ഹദ്റത്ത് ഈസാ(അ)ന്റെ സംഭവം പോലെ നമ്മുടെ അൽപജ്ഞാനികളായ പണ്ഢിതരുടെ തെറ്റിദ്ധാരണയാണ്. ഇവിടെയും ശരിക്കും ആത്മീയ ഉയർത്തലാണ് ഉദ്ദേശിക്കുന്നത്. എല്ലാവിശ്വാസികളും പ്രവാചകന്മാരും മരണത്തിനുശേഷം ആത്മീയമായി ഉയർത്തപ്പെടുന്നു. കാഫിറിനെ ആത്മീയമായി ഉയർത്താറില്ല.لَا تُفَتَّحُ لَهُمْ اَبْوَابُ السَّمَآءِ (അവർക്കു വേണ്ടി ആകാശകവാടങ്ങൾ തുറക്കപ്പെടുന്നതല്ല)(7:41) എന്നത് ഇതിലേക്കാണ് സൂചന നൽകുന്നത്. ഇദ്‌രീസ് സ്തൂലദേഹത്തോടുകൂടി ആകാശത്തേക്ക് ഉയർത്തപ്പെട്ടിട്ടുണ്ടെങ്കിൽ വിശുദ്ധഖുർആനിലെ മറ്റൊരായത്ത്, നിങ്ങൾ ഇവിടെ ജീവിക്കും ഇവിടെവെച്ച് മരിക്കും, എന്നതിന്റെ അടിസ്ഥാനത്തിൽ ഈസാനബിക്ക് ആകാശത്ത് ജീവിക്കാൻ പറ്റാത്തതുപോലെ ഇദ്‌രീസ്(അ)ന് ആകാശത്ത് ജീവിക്കാൻ പറ്റില്ല. കാരണം അല്ലാഹു ഈ ആയത്തിൽ വ്യക്തമായി പറയുന്നത് മനുഷ്യരായ ആർക്കും ആകാശത്ത് ജീവിക്കാൻ പറ്റില്ല എന്നാണ്. മനുഷ്യന് ജീവിതം കഴിച്ചുകൂട്ടാനുള്ള ഇടം ഭൂമിയാണ്. ഈ ആയത്തിലെ فِيْهَا تَمُوْتُوْنَ എന്ന വാചകം അതായത് ഭൂമിയിൽ വെച്ച് തന്നെ മരിക്കും എന്നത് വ്യക്തമാക്കുന്നത് എല്ലാവരുടേയും മരണം ഭൂമിയിൽ വെച്ചായിരിക്കും എന്നതാണ്. ഇങ്ങിനെയാണെങ്കിൽ ഇദ്‌രീസ്(അ) ഏതെങ്കിലും ഒരു കാലം ആകാശത്ത്നിന്ന് ഇറങ്ങിവരും എന്ന വിശ്വാസവും നമ്മുടെ എതിരാളികൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ലോകത്ത് ആരും ഇങ്ങിനെ വിശ്വസിക്കുന്നില്ല. എന്നാൽ അത്ഭുതമെന്ന് പറയട്ടെ, ഭൂമിയിൽ ഹദ്റത്ത് ഇദ്‌രീസ് (അ)ന്റെ കബർ നിലവിലുണ്ട്. മസീഹിന്റെ കബറും നിലവിലുണ്ട്."

ചുരുക്കത്തിൽ ഇദ്‌രീസ്(അ)ന്റെ റഫഅ് ജഢികമാണെങ്കിൽ അദ്ദേഹം ഇറങ്ങിവരും എന്ന് എന്ത് കൊണ്ട് വിശ്വാസിക്കുന്നില്ല.ഹ മസീഹ് മൗഊദ് (അ) സമർപ്പിച്ച തെളിവുകളെ ആർക്കും ഖണ്ഢിക്കാൻ സാധ്യമല്ല.ഒരു ഭാഗത്ത് ഖത്മുനുബുവ്വത്തിന്റെ തെറ്റായ അർത്ഥം നൽകികൊണ്ട് മുസ്ലീങ്ങൾ തിരുനബിക്കുശേഷം ഒരു പ്രവാചകനും വരില്ലെന്ന് പറയുന്നു.വിശുദ്ധഖുർആനിൽ വആഖരീന മിൻഹും എന്ന ആയത്ത് അവർ വായിക്കുന്നില്ലെ. ഇവരോട് ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിൽ ഞാൻ അയക്കുന്നതാണെന്ന് പറയുന്നു. അതേപോലെ തിരുനബി(സ.അ) പറഞ്ഞ اَمَامُكُمْ مِنْكُمْ അദ്ദേഹം നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായിരിക്കും എന്നതിനെക്കുറിച്ച് അവർ ചിന്തിക്കുന്നില്ല.ഇതെല്ലാമായിരിന്നിട്ടും തിരുനബി യെ ഞങ്ങൾ സ്നേഹിക്കുന്നു എന്നവർ പറയുന്നു.അവർ അറിവില്ലാതെ പറയുന്നത് ഹദ്റത്ത് മിർസാം ഗുലാം അഹ്മദ് മഹ്ദിയും മസീഹും നബിയുമാണെന്ന് വാദിച്ചുകൊണ്ട് തിരുനബി (സ.അ) യെ നിന്ദിച്ചിരിക്കുന്നു എന്നാണ്. ഇതു മുഖേന തിരുനബി (സ.അ)യുടെ സ്ഥാനമാനങ്ങളെ താഴ്ത്തിരിക്കുകയാണ് പോലും. തിരുനബിയോടുള്ള സ്നേഹാദരങ്ങൾ കാരണം തിരുനബിയുടെ ഉമ്മത്തിൽ നിന്ന് തന്നെ ഒരു പ്രവാചകനെ അല്ലാഹു നിയോഗിക്കുന്നതാണ് തിരുനബിയുടെ മഹത്വം.ആ വരുന്ന മഹാത്മാവിന് ലഭിച്ചിരിക്കുന്ന നുബുവ്വത്തിന്റെ സ്ഥാനം മുമ്പുള്ള പ്രവാചകൻമാർക്ക് ലഭിച്ചതുപോലെ അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റെ പേരിൽ മാത്രമല്ല, മറിച്ച് തിരുനബി(സ.അ) യെ പരിപൂർണ്ണമായും പിൻപറ്റിയതുമൂലമാണ് ലഭിക്കുന്നത്. ആഖരീങ്ങളിൽ വാഗ്ദത്തമസീഹ് അവതരിക്കുന്നതാണെന്ന് അല്ലാഹു നേരത്തെ വാഗ്ദാനം ചെയ്തിരുന്നു.

അതുകൊണ്ട് മുസ്ലീങ്ങൾ ഈസാനബി(അ) ആകാശത്ത് സ്തൂലദേഹത്തോടെ ഇരിക്കുന്നു എന്ന ക്രിസ്തീയവിശ്വാസം വെടിഞ്ഞ് തിരുനബി(സ.അ)യുടെ ഉമ്മത്തിൽ അവതരിച്ചിരിക്കുന്ന മസീഹിനെ അംഗീകരിക്കുക.ഇതിലാണ് ഇസ്ലാമിന്റെ ജീവനിരിക്കുന്നത്. ഇതുമുഖേനയാണ് തിരുനബി(സ)യുടെ മഹത്വം പ്രകടമാക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യക്തിത്വത്തെ ആക്ഷേപിക്കുന്നവർ പറയുന്ന ഒരാക്ഷേപം മിർസാസാഹിബിന്റെ ഈ വാക്ക് "ഈസായെ മരിക്കാൻ അനുവദിക്കുക, ഇസ്ലാം ജീവിക്കുന്നതിനുവേണ്ടി" എന്നത് ഇസ്ലാമിന്റെ ജീവനുമായല്ല ബന്ധപ്പെട്ടിരിക്കുന്നത്; അത് മിർസാസാഹിബിന്റെ സത്യത്തെ ജീവിപ്പിക്കാനാണ് അദ്ദേഹം ഈ വിശ്വാസത്തിനെതിരിൽ ശബ്ദിക്കുന്നത് എന്നാണ്. അദ്ദേഹം തന്റെ വാദം സ്ഥിരപ്പെടുത്താനായി ഈസാനബി തിരിച്ചുവരുന്നതല്ലെന്നും അദ്ദേഹം മരിച്ചുപോയെന്നും വിശ്വസിക്കുന്നു എ ന്നും അവർ പറയുന്നു." അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ.

ഔന്നത്യത്തിൽ വിരാജിക്കുന്ന പ്രവാചകൻ തിരുനബി(സ) ആണെന്ന് അഹ്മദികളായ നാം വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ട പ്രവാചകൻ അതും തിരുനബി(സ) തങ്ങളാണ്. അല്ലാഹുവിന്റെ പ്രകൃതിനിയമത്തിൽ ഏതെങ്കിലും ഒരു വ്യക്തിക്ക് സ്തൂലദേഹത്തോടുകൂടി ആകാശത്തേക്ക് കരേറാൻ സാധ്യമായിരുന്നെങ്കിൽ അത് തിരുനബി(സ)യുടെ അസ്തിത്വമാണ്. അദ്ദേഹമല്ലാതെ മറ്റാരുമായിരുന്നില്ല. എല്ലാവരും മരിച്ചുപോയിട്ടുണ്ട് എന്ന് വിശ്വസിക്കുന്ന പ്രവാചകന്മാരുടെ കൂടെയാണ് മിഅ്റാജ് രാത്രിയിൽ തിരുനബി(സ) ഹദ്റത്ത് ഈസാ(അ)നേയും കണ്ടത്. ഹദ്റത്ത് ഈസാ (അ)നെ രണ്ടാം ആകാശത്ത് വെച്ചാണ് കണ്ടത്. رَفَعْنٰهُ مَكَانًا عَلِيًّا എന്ന ആയത്തിന്റെ അടിസ്ഥാനത്തിൽ ഇദ്‌രീസ് (അ)നെ ഹദ്റത്ത് ഈസാനബിയെക്കാളും രണ്ട് പദവി മുകളിൽ നാലാം ആകാശത്താണ് കണ്ടത്. ഇതെല്ലാം ഹദീസുകളിൽ കാണാവുന്നതാണ്. റസൂൽ (സ)സിദ്റത്തുൽ മുൻതഹാ വരെ പോയി. കാരണം തിരുനബി(സ)യുടെ സ്ഥാനം ഏറ്റവും ഉന്നതാമായിരുന്നു. ആറാം ആകാശവും കടന്ന് തിരുനബി(സ) പോയപ്പോൾ മൂസ(അ) അല്ലാഹുവിനോട് പറയുന്നത്, –

رَبِّ لَمْ اَظُنَّ اَنْ يُرْفَعَ عَلَيَّ اَحَدٌ

(എന്റെ നാഥാ! എന്നെക്കാളും ഉയരങ്ങളിലെത്തുന്ന ഒരു പ്രവാചകൻ ഉണ്ടാകും എന്ന് ഞാൻ കരുതിയിരുന്നില്ല.)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു,

"നോക്കു!, ഇവിടെ رَفَعَ എന്ന വാക്ക് പദവികളുടെ ഉയർച്ചക്കായാണ് ഉപയോഗിച്ചിരിക്കുന്നത്. ചുരുക്കത്തിൽ വിശുദ്ധഖുർആന്റെ ആയത്തുകളിൽ നിന്നും (2:254) ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത് ഓരോ പ്രവാചകനും അവരവരുടെ സ്ഥാനമനുസരിച്ച് ആകാശത്തേക്ക് ഉയർത്തപ്പെടുന്നു എന്നാണ്. അല്ലാഹുവുമായിട്ടുള്ള അവരുടെ സാമീപ്യത്തിന്റെ അടിസ്ഥാനത്തിൽ റഫഇൽനിന്ന് ഫലമെടുക്കുന്നു.

خَاتَمَ النَّبِيِّيْنَ എന്ന ആയത്തിന് ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയ വ്യാഖ്യാനം നോക്കുക. ഈ വ്യാഖ്യാനമാണ് ഓരോ അഹ്മദിയും വിശ്വസിക്കുന്നത്. ഇതുമുഖേന തിരുനബിയുടെ മഹത്വം പ്രകടമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; റസൂൽ(സ) ഖാത്തമുൽ അമ്പിയാ ആയിരിക്കെ നേരത്തേ നുബുവ്വത്ത് നൽകപ്പെട്ട ഈസാ(അ)ന് എങ്ങിനെ വീണ്ടും വരാൻ സാധിക്കും. അദ്ദേഹം തന്റെ നുബുവ്വത്ത് കളഞ്ഞുകുളിക്കുന്നതെങ്ങിനെ?

തിരുനബി خَاتَمَ النَّبِيِّيْنَ ആയതുകൊണ്ട് ഇനി നുബുവ്വത്ത് തിരുനബിയുടെ സാക്ഷ്യമുദ്രയാൽ മാത്രമേ ഉണ്ടാകുകയുള്ളൂ. അതിനാൽ നേരത്തേ നുബുവ്വത്ത് ലഭിച്ച ഈസാനബി ഇവിടെ വന്നാൽ ആദ്യ നുബുവ്വത്ത് അദ്ദേഹത്തിന് കളയേണ്ടതായിവരും. കാരണം അദ്ദേഹം ഇനി വന്നാൽ തിരുനബിയെ പിൻപറ്റേണ്ടിവരും. ഇത് സംഭവ്യമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു,

'ഈ ആയത്ത് തിരുനബി(സ)ക്ക്ശേഷം സ്വതന്ത്ര നുബുവ്വത്തിനെയാണ് തടയുന്നത്. എന്നാൽ ഒരാൾക്ക് തിരുനബിയുടെ ഉമ്മത്തിൽനിന്ന് ആ മഹാത്മാവിന്റെ അനുഗ്രഹങ്ങൾ മുഖേന, ആദ്യകാലത്ത് സ്വതന്ത്രപ്രവാചകൻമാർ കരസ്ഥമാക്കിയ സ്ഥാനം കരസ്ഥമായാൽ ഇത് തിരുനബിയുടെ മഹത്വത്തെ ദ്വിഗുണീകരിക്കുകയാണ് ചെയ്യുക. എന്നാൽ സ്വതന്ത്ര നുബുവ്വത്ത് ലഭിച്ച പ്രവാചകൻ തന്നെ വരികയാണെങ്കിൽ خَاتَمَ النَّبِيِّيْنَ എന്ന ആയത്തിനെ നിഷേധിക്കുകയാണ് ചെയ്യുന്നത്. അങ്ങിനെയാണെങ്കിൽ ഖാത്തമുൽ അമ്പിയ മസീഹാണെന്ന് പറയേണ്ടിവരും. തിരുനബിയുടെ ആഗമനം വൃഥാവിലാണെന്നും പറയേണ്ടിവരും. കാരണം അദ്ദേഹം അൽപകാലത്തേക്ക് വന്ന് തിരിച്ചുപോയി. എന്നാൽ മസീഹ് മുമ്പും വന്നു. മാത്രമല്ല തിരുനബിക്ക് ശേഷവും. ചുരുക്കത്തിൽ മസീഹുതന്നെ വീണ്ടും വരും എന്ന ഈ വിശ്വാസം ഉൾകൊള്ളുന്നതുകൊണ്ട് പല പ്രശ്നങ്ങളും പൊന്തിവരുന്നതാണ്. ഇതുമുഖേന ഖത്മുന്നുബുവ്വത്തിനെ നിഷേധിക്കേണ്ടതായിവരുന്നു.ഇതിനെ നിഷേധിക്കുക എന്നത് കുഫ്റാണ്."

തുടർന്ന് അരുളുന്നു.;

തിരുനബി(സ)യുടെ തിരുമൊഴികളിൽ ബനൂഇസ്റാഈല്യരിൽ വന്ന ആ പ്രവാചകൻ ഒരിക്കലും വരില്ല എന്ന് വ്യക്തമായ സൂചനയുണ്ട്. എനിക്ക് ശേഷം ഒരുനബിയും വരുന്നതല്ല എന്ന് തിരുനബി (സ) വ്യക്തമാക്കിയിട്ടുള്ളതാണ്. لاَنَبِيَ بَعْدِى എന്ന ഹദീസ് വരെ പ്രസിദ്ധമായിരുന്നു. ഇതിന്റെ സാധുതയെകുറിച്ച് ആരും സംശയം പ്രകടിപ്പിച്ചിരുന്നില്ല. ഓരോ വാക്കുകളും തന്നെ ഖണ്ഡിതമായിരുന്ന വിശുദ്ധഖുർആനിലെ ആയത്ത് وَلٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ എന്നതിൽ നിന്നും നമ്മുടെ നബി(സ)യിൽ നുബുവ്വത്ത് ഖതം ആയിരിക്കുന്നു. ഇതെല്ലാമായിരിക്കെ നു ബുവ്വത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ തിരുനബി(സ)ക്ക് ശേഷം എങ്ങിനെ ഒരു പ്രവാചകൻ വരാനാണ്? ഇങ്ങിനെയാണെങ്കിൽ ഇസ്ലാമിന്റെ എല്ലാം തകർന്ന് തരിപ്പണമായേനെ. എന്നാൽ ഈസാ(അ) നുബുവ്വത്തിന്റെ പദവി ഇല്ലാതെയാണ് വരിക എന്ന് പറയുകയാണെങ്കിൽ അത് ധിക്കാരവാക്കും ലജ്ജയില്ലാത്ത പറച്ചിലുമാണ്. അല്ലാഹുവിന്റെ വരിഷ്ഠനായ പ്രവാചകൻ ഹദ്റത്ത് ഈസാ(അ) നുബുവ്വത്തിന്റെ പദവിയിൽനിന്നും നിഷ്കാസിതനാക്കപ്പെടുമോ? ഇനി മറ്റേതു മാർഗത്തിലൂടെയാണ് ഈസാനബിക്ക് ഭൂമിയിലേക്ക് വരാൻ സാധിക്കുക?

ചുരുക്കത്തിൽ വിശുദ്ധഖുർആനിൽ തിരുനബി(സ) യുടെ പേര് خَاتَمَ النَّبِيِّيْنَ എന്ന് വെച്ചുകൊണ്ട്, ഹദീസുകളിൽ തിരുനബി(സ) لاَنَبِيَ بَعْدِى എന്ന് പറഞ്ഞുകൊണ്ട്, തിരുനബി(സ)ക്ക് ശേഷം നുബുവ്വത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ ഒരു നബിക്കും വരാൻ സാധ്യമല്ലെന്ന് വിധി എഴുതുകയുണ്ടായി. ഇതിനെ ഒന്നുകൂടി വ്യക്തമാക്കുന്നതിന്നായി "വരാനിരിക്കുന്ന മസീഹ് ഇതേ ഉമ്മത്തിൽനിന്ന് തന്നെയായിരിക്കും" എന്നും തിരുനബി(സ) അരുളുകയുണ്ടായി. സഹീഹ്ബുഖാരിയിൽ اِمَامُكُمْ مِنْكُمْ എന്നും സഹീഹ് മുസ്ലിമിൽ فَاَمَّكُمْ مِنْكُمْ എന്നും കാണാം. ഇത് വാഗ്ദത്തമസീഹിന്റെ ആഗമനവുമായി ബന്ധപ്പെട്ടുകൊണ്ടാണ് പറഞ്ഞത്. ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് വരാനിരിക്കുന്ന വാഗ്ദത്ത മസീഹ് ഈ ഉമ്മത്തിൽ നിന്ന് തന്നെയായിരിക്കും എന്നാണ്."

ഇവിടെ ഒരു കാര്യത്തെകുറിച്ച് അൽപം വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ലഭിച്ചിരിക്കുന്ന ഉന്നതസ്ഥാനം തിരുനബി(സ)യെ പരിപൂർണ്ണമായും അനുധാവനം ചെയ്തത് കൊണ്ടാണ് ലഭിച്ചത്. ഈ ഉന്നതസ്ഥാനം കാരണം അദ്ദേഹത്തെ നബി എന്നും റസൂൽ എന്നും അല്ലാഹു വിളിച്ചിട്ടുണ്ട്. നമ്മുടെ ഗ്രന്ഥങ്ങൾ ശരിക്കും വായിച്ച് മനസ്സിലാക്കാത്തവരും ജമാഅത്തുമായി ശരിക്കും ബന്ധപ്പെട്ട് ജീവിക്കാത്തവരും ഖുത്ബ കളും നമ്മുടെ പരിപാടികളും വേണ്ട വിധത്തിൽ ശ്രദ്ധിക്കാത്തവരും തർബിയ്യത്ത് കുറവുള്ള നവാഗതരും അതുമല്ലെങ്കിൽ എതിർപക്ഷത്തെ ഭയപ്പെട്ടുകൊണ്ട് കാര്യങ്ങൾ വ്യക്തമായി പറയാൻ കഴിയാത്തവരും ചില സന്ദർഭങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബിയാണെന്ന് പറയുന്നതിൽ ശങ്കിച്ചുനിൽക്കുന്നു. ചിലപ്പോൾ അവർ വ്യക്തമായ രീതിയിൽ ഇത് വെളിപ്പെടുത്താൻ ധൈര്യപ്പെടുന്നില്ല. നബിയാണെന്ന് അംഗീകരിക്കുന്ന ചിലർ ചിലപ്പോൾ നബിയാണെങ്കിലും റസൂലല്ല എന്ന് പറയും. ഇങ്ങിനെയുള്ള കാര്യങ്ങൾ ജമാഅത്തിന്റെ അദ്ധ്യാപനങ്ങൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങൾക്കും വിരുദ്ധമാണ്. തബ്ലീഗ് ചെയ്യുമ്പോൾ ചിലർ ഇങ്ങിനെയൊക്കെ പറയുന്നുണ്ടെന്ന ആക്ഷേപം എനിക്കെത്തിയിട്ടുണ്ട്. ചിലർ ജമാഅത്തിന് പുറത്തുള്ളവരുടെ സദസ്സിലിരിക്കുമ്പോൾ ഇങ്ങിനെയുള്ള കാര്യങ്ങൾ പറയുന്നു.

ഇതുസംബന്ധമായി മനസ്സിലാക്കേണ്ട ഒരു കാര്യം വരാനിരിക്കുന്ന മസീഹ് മഹ്ദിക്ക് നുബുവ്വത്തിന്റെ സ്ഥാനം ലഭിക്കേണ്ടതാണ്. നബിയും റസൂലും ഒന്നുതന്നെയാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു; തന്റെ ഒരു ഇൽഹാമിനെ പരാമർശിച്ചുകൊണ്ടാണ് പറയുന്നത്;

قُلْ إِن كُنتُمْ تُحِبُّونَ اللّٰهَ فَاتَّبِعُونِي يُحْبِبْكُمُ اللّٰهُ

ഇവിടെ നമ്മുടെ ജമാഅത്തിലുള്ളവർ പ്രത്യേകം പര്യാലോചന നടത്തേണ്ടതാണ്. കാരണം സർവ്വശക്തനായ അല്ലാഹു ഇവിടെ പറയുന്നത് നിങ്ങൾ പൂർണ്ണമായ രീതിയിൽ അനുസരിക്കുന്നവരായാൽ മാത്രമേ ദൈവപ്രീതി കരസ്ഥമാക്കുന്നവരായിത്തീരുകയുള്ളൂ. അൽപം പോലും നിഷേധം നിങ്ങളിൽ ഉണ്ടാകാൻ പാടില്ല. ഇവിടെയുള്ള വചനത്തിൽ എനിക്കായി നബി, റസൂൽ എന്നീ പദങ്ങൾ ഉപയോഗിച്ചത് അത് ആലങ്കാരിക അർത്ഥത്തിലാണ്. അല്ലാഹുവിനോട് നേരിട്ട് വെളിപാട് കരസ്ഥമാക്കുന്ന വ്യക്തിയോട് പ്രവാചകന്മാരോട് സംസാരിക്കുന്നതുപോലെ ശരിയായ അർത്ഥത്തിൽ അല്ലാഹു സംസാരിക്കുന്നുണ്ടെങ്കിൽ അങ്ങിനെയുള്ള വ്യക്തിയെ കുറിച്ച് നബി, റസൂൽ എന്ന് പറയുന്നത് ഒരിക്കലും അനുചിതമല്ല. ഇത് ശരിക്കുമുള്ള ആലങ്കാരിക പ്രയോഗമാണ്. സഹീഹ് ബുഖാരി,സഹീഹ് മുസ്ലിം എന്നീ ഹദീസ് ഗ്രന്ഥങ്ങളിലും ഇഞ്ചീൽ, ദാനിയേൽ അതുപോലെയുള്ള മറ്റു പ്രവാചക ഗ്രന്ഥങ്ങളിലും എന്നെക്കുറിച്ച് പറഞ്ഞ സ്ഥലത്തെല്ലാം നബി എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

അല്ലാഹു നമ്മുടെ വിശ്വാസങ്ങളെ ദൃഢപ്പെടുത്തുമാറാകട്ടെ. എവിടെയും നാം ബലഹീനത പ്രകടിപ്പിക്കുന്നവരാകാതിരിക്കട്ടെ.

رَفَع എന്നതിനെകുറിച്ച് മറ്റൊരുകാര്യം ശ്രദ്ധിക്കേണ്ടത് رَفَع എന്നത് പ്രവാചകൻമാർക്ക് മാത്രമുള്ളതല്ല. മുഅ്മിനീങ്ങൾക്ക് റഫ അ് ഉണ്ടാകാറുണ്ട്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു;

'ഒരു വിശ്വാസി എല്ലാകാര്യത്തേക്കാളും മുൻഗണന അല്ലാഹുവിന് നൽകുമ്പോൾ അവൻ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നു. ഈ ജീവിതത്തിൽ തന്നെ അവൻ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നതാണ്. പ്രത്യേക പ്രകാശത്താൽ അവൻ പ്രഭാപൂരിതമാക്കപ്പെടുന്നു. ഈ ഉയർത്തൽകാരണം അവർ ശൈത്താന്റ ആക്രമാണങ്ങളിൽനിന്ന് ശൈത്താന്റെ കൈയ്യെത്താദൂരത്തോളം ഉയർത്തപ്പെടുന്നു. ഓരോന്നിനും ഈ ദുൻയാവിൽ അല്ലാഹു ഒരു മാതൃക നിലനാട്ടിയിട്ടുണ്ട്. ഇതിലേക്കുള്ള സൂചന വിശുദ്ധഖുർആൻ നൽകുന്നു. ശൈത്താൻ ആകാശത്തേക്ക് കയറാൻ ശ്രമിക്കുമ്പോൾ ഒരു **ശിഹാബെ സാഖിബ്** അവനെ പിൻതുടർന്ന് അതിൽ നിന്നും തടയുന്നു. അതവനെ താഴേക്ക് വീഴ്ത്തിക്കളയും. **സാഖിബ്** പ്രകാശപൂരിതമായ നക്ഷത്രത്തിനാണ് പറയുന്നത്. ദ്വാരമുണ്ടാക്കുന്ന വസ്തുവിനും വളരെയധികം ഉയരങ്ങളിലേക്കെത്തുന്നതിനേയും **സാഖിബ്** എന്ന് പറയും. മനുഷ്യന്റെ അവസ്ഥകളനുസരിച്ച് ഇവിടെ ഒരുദാഹരണത്തിലൂടെ കാര്യം വിവരിക്കുകയാണ് ചെയ്യുന്നത്. പ്രത്യക്ഷവും നിഗൂഢവുമായ അർത്ഥം ഇതിൽ അടങ്ങിയിട്ടുണ്ട്. ഒരു വ്യക്തിക്ക് അല്ലാഹുവിൽ സുദൃഢമായ വിശ്വാസം ഉണ്ടായികഴിഞ്ഞാൽ അവർ അല്ലാഹുവിലേക്ക് ( رَفَع ) ഉയർത്തപ്പെടുന്നു. അവർക്ക് പ്രത്യേകമായ ശക്തിയും പ്രതാപവും പ്രകാശവും നൽകപ്പെടുകയും ചെയ്യുന്നു. ഇതുമുഖേന ശൈത്താനെ അവർ താഴേക്ക് തള്ളിവിടുന്നു. സാഖിബ് എന്നാൽ നശിപ്പിക്കുന്നവൻ എന്നും അർത്ഥമുണ്ട്. ഓരോ വിശ്വാസിയും തന്റെ ശൈത്വാനെ നശിപ്പിക്കുന്നതിന്നായി ശ്രമിക്കേണ്ടതാണ്. ആത്മീയശാസ്ത്രത്തെ കുറിച്ച് അറിയാത്തവർ ഇങ്ങിനെയുള്ള കാര്യങ്ങൾ കേൾക്കുമ്പോൾ പരിഹസിക്കുന്നു. സത്യത്തിൽ പരിഹാസപാത്രം അവർതന്നെയാണ്. പ്രത്യക്ഷമായ ഒരു പ്രകൃതിനിയമമുണ്ട്. അതേപോലെ പരോക്ഷമായി ഒരു പ്രകൃതിനിയമവുമുണ്ട്. പ്രത്യക്ഷനിയമങ്ങൾ പരോക്ഷനിയമങ്ങളുടെ സാധൂകരണത്തിനുള്ളതാണ്. അല്ലാഹു ഒരു വഹിയ് അവതരിപ്പിച്ചു കൊണ്ട് എന്നോട് പറഞ്ഞത്, اَنْتَ مِنِّ بِمَنْزِلَةِ نَجْمُ الثَّاقِب നീ എന്റെ പക്കൽ നജ്മെ സാഖിബിന്റെ സ്ഥാനത്താണുള്ളത്. ഇതിന്റെ അർത്ഥം ശൈത്താനെ നശിപ്പിക്കാനാണ് നിന്നെ സൃഷ്ടിച്ചത് എന്നാണ്. നിന്റെ കരങ്ങളാൽ ശൈത്വാൻ നശിപ്പിക്കപ്പെടുന്നതാണ്. ശൈത്താന് ഉയരങ്ങളിലേക്ക് പോകാൻ സാധ്യമല്ല. വിശ്വാസി മുകളിലേക്ക് കരേറിയിട്ടുണ്ടെങ്കിൽ ശൈത്വാന് അവരെ കീഴ്പ്പെടുത്താൻ കഴിയില്ല. അല്ലാഹു തനിക്ക് ശൈത്വാനെ നശിപ്പിക്കാനുള്ള കഴിവ് നൽ കുമാറാകട്ടെ എന്ന് ഒരു വിശ്വാസി എപ്പോഴും അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കും. ദുഷ്ചിന്തകൾ വരുമ്പോൾ അതിനെ അകറ്റുന്നതെല്ലാം ശൈത്വാനെ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. മുഅ്മിൻ സ്ഥിരചിത്തതയോടെ പ്രവർത്തിക്കേണ്ടതാണ്. ഒരിക്കലും ധൈര്യം കൈവെടിയരുത്. ശൈത്വാനെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടെ ഇരിക്കുക. ഒരു നാൾ വിജയിക്കുക തന്നെ ചെയ്യും. അല്ലുഹു കാരുണ്യവാനും ആദരണീയനുമാണ്. അവന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവർക്ക് അവൻ അവസാനം വിജയം നൽകുന്നു. തന്റെ ശൈത്വാനെ നശിപ്പിക്കുക എന്നതാണ് മനുഷ്യന്റെ ഉന്നത പദവി."

അല്ലാഹു നമുക്ക് رَفَع എന്നതിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. رَفَع എന്നതിന്റെ വൈജ്ഞാനിക ചർച്ചകളിൽ മാത്രം നാം ഒതുങ്ങാതെ നമ്മുടെ പ്രവർത്തനങ്ങൾ ശരിയാക്കിക്കൊണ്ട് അല്ലാഹുവുമായുള്ള ബന്ധം വർദ്ധിപ്പിക്കുന്നവരായി നാം മാറട്ടെ. ഈ സാമീപ്യം കാരണം എപ്പോഴും ശൈത്വാനെ നശിപ്പിക്കുന്നവരിൽ നാം ഉൾപ്പെടട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 10 - 07 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**